# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## 2010-2011 കാലയളവിൽ പട്ടികവർഗ്ഗ വികസന വകുപ്പ് കേന്ദ്രസഹായത്തോടെ നടപ്പാക്കിയ പ്രവർത്തനങ്ങൾ

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6994 13-7-2012 -ൽ മറുപടിയ്ക്ക്**

**ചോദ്യം** | **ഉത്തരം**

ശ്രീ.എസ്.രാജേന്ദ്രൻ

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി )

| | |
|---|---|
| (എ) 2010-2011 കാലയളവിൽ പട്ടികവർഗ്ഗ വികസന വകുപ്പ് കേന്ദ്രസഹായത്തോടെ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ ; | (എ) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് കേന്ദ്രപട്ടികജാതിവർഗ്ഗ കമ്മീഷന്റെ മാതൃകയിൽ സംസ്ഥാനത്ത് രൂപീകരിച്ച "പട്ടിക ഗോത്രവർഗ്ഗ കമ്മീഷന്റെ" പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ; | (ബി) വിലയിരുത്തിയിട്ടുണ്ട്. കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ ആക്റ്റ് പ്രകാരം 20-2-2008 ൽ ശ്രീ.പി.കെ.ശിവാനന്ദൻ ചെയർമാനായി നിലവിൽ വന്ന ആദ്യ പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷന്റെ കാലാവധി 19-2-11 ൽ അവസാനിച്ചു. പ്രസ്തുത കാലയളവിൽ കമ്മീഷൻ 41 സിറ്റിംഗുകൾ നടത്തുകയും ലഭിച്ച 5449 പരാതികളിൽ 3878 പരാതികളിൽ തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, എല്ലാ ജില്ലകളിലും അദാലത്തുകൾ നടത്തുകയും, അപ്രകാരം ലഭിച്ച 2736 പരാതികളിൽ 1993 പരാതികൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. 16-5-2008 ൽ അട്ടപ്പാടിയിൽ വച്ച് നടത്തിയ അദാലത്തിൽ പങ്കെടുത്തവർക്കും, 14-3-08 ൽ കോഴിക്കോട് കിർത്താഡ്സിൽ വച്ച് നടത്തിയ |

| | |
|---|---|
| | ക്ലാസ്സിൽ 100-ഓളം പഞ്ചായത്ത് പ്രസിഡന്റ്/മെമ്പർമാർക്കും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ (നിരോധന) നിയമത്തെക്കുറിച്ചും സിവിൽ റൈറ്റ്സ് സംരക്ഷണ നിയമത്തെക്കുറിച്ചും പട്ടികജാതി പട്ടികവർഗ്ഗവിഭാഗക്കാർക്ക് ലഭിക്കുന്ന നിയമ പരിരക്ഷയെക്കുറിച്ചും അവബോധം നൽകുകയും ചെയ്തിട്ടുണ്ട്. കമ്മീഷൻ ചെയർമാനും അംഗങ്ങളും പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളും, കോളനികളും സന്ദർശിക്കുകയും കോളനി നിവാസികളിൽ നിന്നും കാര്യങ്ങൾ നേരിട്ട് മനസ്സിലാക്കുകയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രൊമോട്ടർമാരുടെ മീറ്റിംഗുകൾ സംഘടിപ്പിക്കുകയും, സേവന മനോഭാവത്തോടെ തങ്ങളുടെ ജോലി ചെയ്യുവാൻ അവരെ ഉത്ബോധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൃശ്ശൂർ അടാട്ട് ഗ്രാമപഞ്ചായത്ത് ഉൾപ്പെടെ വിവിധ ഗ്രാമപഞ്ചായത്തുകൾ സന്ദർശിക്കുകയും, പ്രത്യേക ഘടക പദ്ധതിയനുസരിച്ചുള്ള പദ്ധതി നടത്തിപ്പും ഫണ്ട് വിനിയോഗവും പരിശോധിക്കുകയും, വിലയിരുത്തുകയുമുണ്ടായി. ആറളം ഫാം സന്ദർശിക്കുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. അട്ടപ്പാടിയിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വ്യാജ മദ്യ വില്പന വ്യാപകമാണെന്ന പരാതിയിൽ കമ്മീഷന്റെ |

| | |
|---|---|
| | ശക്തവും ഫലപ്രദവുമായ ഇടപെടൽ മൂലം റെയിഡുകൾ നടത്തുകയും വ്യാജ മദ്യ കേസ്സുകൾ പിടിക്കുകയുമുണ്ടായി. പട്ടികജാതി വകുപ്പുകളുടെ കീഴിലുള്ള വിവിധ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീമെട്രിക് ഹോസ്റ്റലുകൾ, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, എന്നിവ സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. |
| (സി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം

2010-11 കാലാവധി പട്ടികവർഗ്ഗ വികസന വകുപ്പ് കേന്ദ്രസഹായത്തോടെ നടപ്പാക്കിയ പ്രവർത്തനങ്ങൾ - 2010-2011

| ക്രമനം. | പദ്ധതിയുടെ പേര് | ബഡ്ജറ്റ് വിഹിതം | ചിലവഴിച്ച തുക |
|---|---|---|---|
| CENTRALLY SPONSORED SCHEMES - [100% CENTRALLY SPONSORED SCHEMES] | | | |
| 1 | Post matric scholarship | 788.67 | 788.67 |
| | 2225-02-277-97 | | |
| 2 | Vocational Training Institute | 18.04 | 18.04 |
| | 2225-02-277-76 | | |
| 3 | Upgradation of merits of ST students | 0.20 | 0.20 |
| | 2225-02-277-62 | | |
| 7 | Grant in-aid to the Kerala State Federation of SC/STs Development Co.op Ltd | 7.00 | 7.00 |
| | 2225-80-190-97 [100%CSS] | | |
| 9 | Implementation of STs and other Traditional Forest Dwellers -2225-02-800-24 | 99.69 | 99.69 |
| 11 | Special Central Assistance To Tribal Sub Plan | 499.54 | 499.54 |
| | 2225-02-794-98 [ SCA to TSP] | | |
| 12 | Insurance Scheme for Tribals -[100% CSS] - 2225-02-800-49 | 100.00 | 100.00 |
| | **Total** | **1513.14** | **1513.14** |
| | **CENTRALLY SPONSORED SCHEMES - [50% CENTRALLY SPONSORED SCHEMES]** | | |
| | Implementation of Prevention of Atrocities Act | 15.00 | 15.00 |
| | 2225-02-800-68[50% CSS] | | |
| | [49% C.S] 4225-80-190-98 | | |
| | Research,Training and other Project | 30.06 | 30.06 |
| | of KIRTADS [50% CSS] -2225-02-800-91 | | |
| | **Total** | **45.06** | **45.06** |

| ക്രമനം. | പദ്ധതിയുടെ പേര് | ബഡ്ജറ്റ് വിഹിതം | ചിലവഴിച്ച തുക |
|---|---|---|---|
| | **CONSTRUCTION WORKS - PWD** | | |
| | III CONSTRUCTION WORKS UNDER PWD ASHRAM SCHOOLS [50% Central Share] | | |
| | Construction of Ashram School, Manjery | 100.00 | 11.26 |
| | Construction of Ashram School, Noolpuzha | 100.00 | 22.99 |
| | Construction of Ashram School, Palakkad | 100.00 | |
| | Construction of MRS Attappady | 100.00 | |
| | Construction of MRS Kannur | 100.00 | |
| | Construction of MRS Pathanamthitta | 100.00 | |
| | Construction of MRS Thrissur | 70.00 | |
| | Construction of MRS Kasaragod | 100.00 | |
| | Construction of MRS South Wayanad | 150.00 | |
| | Construction of MRS, Kattela | 100.00 | |
| | Construction of MRS, Nalloornadu | 100.00 | |
| | Construction of MRS paniyans Wayanad | 60.00 | |
| | Construction of MRS Kottayam | 100.00 | |
| | Construction of MRS Kulathupuzha | 200.00 | |
| | MRS Munnar, Idukki | 50.00 | |
| | Ashram Schools - 4225-02-277-51 | | 2844 42 |
| | **Total 50% CSS** | **1530.00** | **1439.34** |
| | **Construction of Hostels [50%SS+CSS]** | | |
| | Construction of Girls Hostels | 150.00 | 2.58 |
| | 4225-02-277-98 | | |
| | Construction of Boys Hostels | 250.00 | 223 79 |
| | 4225-02-277-96 | | |
| | **Total - Hostel constructions** | **400.00** | **226.37** |
| | | | |
| | **100% Centrally Sponsored schemes PWD** | | **Art. 275[1]** |
| | Construction of building for MRS Idukki (PWD) | | |
| | 4225-02-277-79 [Art 275(1) | 50.00 | 42.87 |
| | Construction of building for MRS Pookot(PWD ] (Art. 275] | 100.00 | 2.81 |
| | 4225-02-277-87 | | |
| | Construction of building for MRS Njaraneeli | | |
| | [PWD works budget] 4225-02-277-77 (Art 275(1) | 50.00 | 12.79 |
| | Construction of building for Attappady Health Project [PWD works budget (SCA to TSP) 4225-02-282-99 | 29 98 | 29.98 |
| | **Total CSS of PWD (100%)** | **229.98** | **88.45** |
| | **Grant Total** | **3718.18** | **3312.35** |

സെക്ഷൻ ഓഫീസർ